(ബി) കേരളാ ഫോറസ്ട്രി പ്രോജക്ടിനും ഇൻഡ്യാ ഇക്കോ ഡവലപ്മെന്റ് പദ്ധതികൾക്കുമാണ് ലോകബാങ്കിന്റെ സഹായം ലഭിച്ചത്. കേരളാ ഫോറസ്ട്രി പ്രോജക്ടിന്റെ മൊത്തം അടങ്കൽ തുകയായ 182.39 കോടി രൂപയിൽ 152.1 കോടി രൂപയാണ് ലോകബാങ്ക് സഹായമായി ലഭിക്കുന്നത്.

40.54 കോടി രൂപയുടെ പദ്ധതിയാണ് 'ഇൻഡ്യാ ഇക്കോ ഡവലപ്മെന്റ് പ്രോജക്ട്'.

(സി) ഇല്ല.

(ഡി) കൺസൾട്ടന്റുകളുടെ പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.†

(ഇ) പദ്ധതിയുടെ ഉടമ്പടി പ്രകാരം ലോകബാങ്കിന്റെ രൂപരേഖ അനുസരിച്ച് കൺസൺട്ടന്റുകളെ നിയമിക്കുന്നതിന് വിവിധ സെലക്ഷൻ രീതികളാണ് സ്വീകരിച്ചിട്ടുള്ളത്. ഇതനുസരിച്ച് കൺസൾട്ടന്റിന്റെ അടങ്കൽ തുകയും വിഷയവും അനുസരിച്ച് വ്യക്തികളെയോ സ്ഥാപനങ്ങളെയോ ഷോർട്ട് ലിസ്റ്റ് ചെയ്ത് അവരിൽനിന്നും ലോകബാങ്കിന്റെ ഫോർമാറ്റുകളിൽ വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കി പരിശോധിച്ച് അവ വിലയിരുത്താൻ കമ്മിറ്റിയുടെ മുമ്പിൽവച്ച് വിലയിരുത്തി മൂല്യനിർണ്ണയം നടത്തി ക്വാളിഫൈ ചെയ്യുന്ന വ്യക്തിക്കോ സ്ഥാപനത്തിനോ കൺസൾട്ടൻസി നൽകി ഉടമ്പടി വയ്ക്കാറുണ്ട്. സെലക്ഷൻ രീതിയും അടങ്കൽ തുകയും ആസ്പദമാക്കി കൺസൾട്ടൻസി നൽകിയതിന്റെ നടപടിക്രമങ്ങൾ വിവിധ ഘട്ടങ്ങളിലായി ലോകബാങ്കിന്റെ അംഗീകാരത്തിനും അയയ്ക്കാറുണ്ട്.

114 (369) കായംകുളത്ത് വനവും ഗതാഗതവും വകുപ്പു മന്ത്രിയുടെ അദാലത്ത്

<u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്ത് വനവും ഗതാഗതവും വകുപ്പുമന്ത്രി അദാലത്ത് നടത്തിയോ;

(ബി) എങ്കിൽ എന്നായിരുന്നു;

(സി) അദാലത്ത് എത്രസമയം നീണ്ടു നിന്നു;

(ഡി) അദാലത്തിൽ മന്ത്രിയോടൊപ്പം പങ്കെടുത്ത ഉദ്യോഗസ്ഥൻമാർ ആരെല്ലാം;

(ഇ) മണ്ഡലത്തിലെ പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് ഭാരവാഹികൾ, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, നഗരസഭാ ഭരണാധികാരികൾ, എം.എൽ.എ, അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെ മുഖ്യഭാരവാഹികൾ, വിദ്യാർത്ഥി യുവജന സംഘടനാ ഭാരവാഹികൾ എന്നിങ്ങനെ അദാലത്തിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങൾ നൽകുമോ;

(എഫ്)അദാലത്ത് സംബന്ധിച്ച വിവരം സ്ഥലം എം.എൽ.എ.യെ അറിയിച്ചിരുന്നുവോ; എങ്കിൽ ആരാണ് അറിയിച്ചത്;

(ജി) ഇവിടെ ഒരു അദാലത്ത് കൂടി നടത്താൻ നടപടി സ്വീകരിക്കുമോ?

---

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ജി) അദാലത്ത് നടത്തിയിട്ടില്ല. എന്നാൽ കായംകുളം കെ.എ സ്.ആർ.ടി.സി. ഡിപ്പോയുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനായി 2000 ജനുവരി 19-ാം തീയതി ഒരു മീറ്റിംഗ് മുൻ ഗതാഗത വകുപ്പുമന്ത്രി നട ത്തുകയുണ്ടായി. ഈ മീറ്റിംഗിൽ വകുപ്പ് ഉദ്യോഗസ്ഥൻമാരെ കൂടാതെ താഴെ പറയുന്നവരെ കൂടി സർക്കാർ ക്ഷണിക്കുകയുണ്ടായി. ശ്രീ. ജി. സുധാകരൻ, എം.എൽ.എ, കായംകുളം മുനിസിപ്പൽ ചെയർമാൻ ശ്രീ. സെയ്ദ് പി. ഹാരിസ്, പ്രൊഫസർ ജി. നാരായണൻകുട്ടി.

115 (370) വനാന്തരഭാഗത്ത് കഞ്ചാവു കൃഷി, വേട്ട, ചാരായം വാറ്റ്

ശ്രീ. എ.കെ. മണി :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)വനാന്തർ ഭാഗത്ത് നടത്തുന്ന കഞ്ചാവുകൃഷി, വേട്ട, ചാരായം വാറ്റ് എന്നിവ തടയുവാൻ എന്തെല്ലാം സംവിധാനമാണ് ഉള്ളതെന്ന് വെളിപ്പെ ടുത്തുമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എവിടെനി ന്നെല്ലാം കഞ്ചാവുകൃഷി നശിപ്പിച്ചിട്ടുണ്ട്.

(സി) എവിടെനിന്നെല്ലാം ആനകളുടെ ജഡം കണ്ടെത്തിയിട്ടുണ്ട്; എത്രയെണ്ണം;

(ഡി) സംസ്ഥാനത്തെ ഏതെങ്കിലും ഫോറസ്റ്റ് ഡിവിഷനിൽ വനത്തി നുള്ളിൽ കഞ്ചാവു കൃഷിയും ചാരായവാറ്റും വേട്ടയാടലും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) വനത്തിനുള്ളിലെ ഇത്തരത്തിലുള്ള സാമൂഹ്യവിരുദ്ധനടപടി കൾ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കഞ്ചാവ് കൃഷി നടക്കാനിടയുള്ള പ്രദേശങ്ങൾ വനസംരക്ഷണ വിഭാഗത്തിന്റെയും പ്രൊട്ടക്ഷൻ ഫോഴ്സിന്റെയും ഫ്ളയിംഗ് സ്കാഡിന്റെയും നിതാന്ത ജാഗ്രതയിലും നീരീക്ഷണത്തിലുമാണ്. ഇത്തരം സ്ഥലങ്ങളിൽ രഹസ്യ റെയിഡും മിന്നൽ പരിശോധനയും നടത്തുകയും അതിനുവേണ്ട ആയുധങ്ങൾ, വാഹനങ്ങൾ, വയർലെസ് സെറ്റുകൾ എന്നിവ നൽകിയിട്ടു മുണ്ട്. അതിർത്തിപ്രദേശങ്ങളിൽ അയൽ സംസ്ഥാനത്തെ വനസംരക്ഷണവി ഭാഗത്തിന്റെ സഹായത്തോടെ സംയുക്തമായ പട്രോളിംഗ് നടത്തുന്നുണ്ട്. പട്രോളിംഗ് നടത്തിയും രഹസ്യവിവരം ശേഖരിച്ചും ചാരായ വാറ്റ് കണ്ടുപി ടിച്ച് നശിപ്പിക്കാറുണ്ട്. ഇതിനുവേണ്ടി പോലീസിന്റെയും എക്സൈസിന്റെയും സേവനം ലഭ്യമാക്കുന്നുണ്ട്. വനനിയമം, വന്യജീവി സംരക്ഷണ നിയമം എന്നിവ കർശനമായി നടപ്പിലാക്കിയിട്ടുണ്ട്. വനസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് ബന്ധപ്പെട്ട ഓഫീസർമാർക്ക് നിർദ്ദേശം നൽകിയി ട്ടുണ്ട്. കുറ്റകൃത്യങ്ങളെപ്പറ്റി വിവരം നൽകുന്നവർക്ക് പ്രശംസാപത്രവും ക്യാഷ് അവാർഡും നൽകുന്നുണ്ട്.
1121/2010.

LIBRARY ARCHIVES Kerala Legislative Assembly